

# വിടവാങ്ങൽ

എഴുത്തച്ഛൻ

മലയാളസാഹിത്യത്തിന്റെ പിതാവ് എന്ന ബഹുമതി നൽകി മലയാളികൾ പൂജിച്ചു പോരുന്ന മഹാനാണ് എഴുത്തച്ഛൻ. അദ്ധ്യാത്മരാമായണവും ശ്രീമഹാഭാരതവുമാണ് എഴുത്തച്ഛന്റെ മുഖ്യകൃതികൾ. ഇവ സംസ്കൃതത്തിൽ നിന്ന് ഭാഷാന്തരം ചെയ്തവയാണെങ്കിലും ഗുണോൽക്കർഷം കൊണ്ട് മലയാളത്തിലെ ഏറ്റവും മികച്ച കൃതികളാണ്. ഭാഗവതം, ചിന്താരത്നം, ഇരുപത്തിനാലുവൃത്തം, ഹരിനാമകീർത്തനം തുടങ്ങിയവയും എഴുത്തച്ഛന്റെ കൃതികളായി അറിയപ്പെടുന്നുണ്ട്. എങ്കിലും അവയുടെ കർതൃത്വത്തെപ്പറ്റി അഭിപ്രായഭേദവും ഉണ്ട്.

ചെറുശ്ശേരിക്ക് മഞ്ജരി എന്നപോലെ എഴുത്തച്ഛന് കിളിപ്പാട്ടാണ് ഏറ്റവും പ്രിയം. എഴുത്തച്ഛന്റെ അധികം കൃതികളും കിളി കഥപറയുന്ന രൂപത്തിലാണ് രചിച്ചിട്ടുള്ളത്. കേക, കാകളി, കളകാഞ്ചി, അന്നനട മുതലായ മനോഹര വൃത്തങ്ങളാണ് കിളിപ്പാട്ടിൽ അധികവും.

അദ്ധ്യാത്മരാമായണം കിളിപ്പാട്ടിൽ നിന്ന് എടുത്തിട്ടുള്ളതാണ് വിടവാങ്ങൽ എന്ന ഈ ഭാഗം. അച്ഛന്റെ സത്യം പാലിക്കാൻ രാജ്യാഭിഷേകം ഉപേക്ഷിച്ച് കാട്ടിലേക്കു പുറപ്പെട്ട ശ്രീരാമചന്ദ്രൻ മാതാവായ കൗസല്യയോട് വിടവാങ്ങുന്നതാണു വിഷയം. വനത്തിൽ പോകുന്ന തന്റെ ഏകപുത്രനെ രക്ഷിച്ചുകൊള്ളണമെന്ന് ദൈവങ്ങളോട് ഉള്ളുരുകി പ്രാർത്ഥിച്ചുകൊണ്ട് ആ മാതാവു നൽകിയ യാത്രാനുവാദം എത്ര ഹൃദയ ഹാരിയായി എഴുത്തച്ഛൻ വർണ്ണിച്ചിരിക്കുന്നു എന്നു നോക്കുക.

ദേവനും മാതൃഗേഹം പൂക്കതുനേരം
ധാർമ്മികയാകിയ മാതാ സുസമ്മത-

ബ്രാഹ്മണരെക്കൊണ്ടു ഹോമപൂജാദികൾ
പുത്രാഭ്യുദയത്തിനായ്ക്കൊണ്ടു ചെയ്യിച്ച

വിത്തമതീവ ദാനങ്ങൾ ചെയ്താദരാൽ
ഭക്തികൈക്കൊണ്ടു ഭഗവൽപ്പദാംബുജം
ചിത്തത്തിൽ നന്നായുറപ്പിച്ചിളകാതെ

നന്നായ് സമാധിയുറച്ചിരിക്കുന്നേരം
ചെന്നോരു പുത്രനേയും കണ്ടതില്ലല്ലോ.

അന്തികേ ചെന്നു കൗസല്യയോടന്നേരം
സന്തോഷമോടു സുമിത്ര ചൊല്ലീടിനാൾ

രാമനുപാഗതനായതു കണ്ടീലേ,
ഭൂമിപാലപ്രിയേ നോക്കീടുകെന്നപ്പോൾ

വന്ദിച്ചു നിൽക്കുന്ന രാമകുമാരനെ
മന്ദേതരം മുറുകെപ്പുണർന്നീടിനാൾ

പിന്നെ മടിയിലിരുത്തി നെറുകയിൽ
നന്നായ് മുകർന്നു മുകർന്നു കുതൂഹലാൽ

ഇന്ദീവരദളശ്യാമകളേബരം
മന്ദമന്ദം തലോടിപ്പറഞ്ഞീടിനാൾ

എന്തെന്മകനേ! മുഖാംബുജം വാടുവാൻ
ബന്ധമുണ്ടായതു പാരം വിശക്കയോ?

വന്നിരുന്നീടു ഭുജിപ്പതിനാശു നീ,
എന്നു മാതാവു പറഞ്ഞോരനന്തരം

വന്ന ശോകത്തെയടക്കി രഘുവരൻ
തന്നുടെ മാതാവിനോടരുളിച്ചെയ്തു:

''ഇപ്പോൾ ഭുജിപ്പാനവസരമില്ലമ്മേ!
ക്ഷിപ്രമരണ്യ വാസത്തിനു പോകണം.
മല്പാടു കേകയപുത്രിയാമമ്മയ്ക്കു
മൽ പിതാരണ്ടുവരം കൊടുത്തീടിനാൻ

ഒന്നു ഭരതനെ വാഴിക്കയെന്നതു
മെന്നെ വനത്തിന്നയയ്ക്കെന്നു മറ്റേതും

തത്ര പതിന്നാലു സംവത്സരം വസി-
ച്ചത്ര വന്നീടുവൻ പിന്നെ ഞാൻ വൈകാതെ

സന്താപമേതും മനസ്സിലുണ്ടാകാതെ
സന്തുഷ്ടയായ് വസിച്ചീടുക മാതാവും.''

ശ്രീരാമവാക്യമേവം കേട്ടു കൗസല്യ
പാരിൽ മോഹിച്ചു വീണീടിനാളാകലാൽ

പിന്നെ മോഹം തീർന്നിരുന്നു ദുഃഖാർണ്ണവം
തന്നിൽ മുഴുകിക്കരഞ്ഞു കരഞ്ഞുടൻ

തന്നുടെ നന്ദനൻ തന്നോടു ചൊല്ലിനാൾ
''ഇന്നു നീ കാനനത്തിന്നു പോയീടുകിൽ''

എന്നെയും കൊണ്ടുപോകേണം മടിയാതെ
നിന്നെപ്പിരിഞ്ഞാൽ ക്ഷണാർദ്ധം പൊറുക്കുമോ?

ദണ്ഡകാരണ്യത്തിനാശു നീ പോകിൽ ഞാൻ
ദണ്ഡധരാലയത്തിന്നു പോയീടുവൻ

പൈതലേ വേർവിട്ടുപോയ പശുവിനു-
ള്ളാധി പറഞ്ഞറിയിച്ചീടരുതല്ലോ

നാടുവാഴേണം ഭരതനെന്നാകിൽ നീ
കാടുവാഴേണമെന്നുണ്ടോ വിധിമതം?

എന്തു പിഴച്ചതു കൈകേയിയോടു നീ
ചിന്തിക്ക ഭൂപനോടും കുമാരാ! ബലാൽ

താതനും ഞാനുമൊക്കും ഗുരുത്വംകൊണ്ടു
ഭേദം നിനക്കു ചെറ്റില്ലെന്നു നിർണ്ണയം

പോകേണമെന്നു താതൻ നിയോഗിക്കിൽ ഞാൻ
പോകരുതെന്നു ചെറുക്കുന്നതുണ്ടല്ലോ

എന്നുടെ വാക്യത്തെ ലംഘിച്ചു ഭൂപതി
തന്നുടെ വാചാ ഗമിക്കുന്നതാകിലോ

ഞാനുമെൻപ്രാണങ്ങളെ ത്യജിച്ചീടുവാൻ
മാനവവംശവുമിന്നേ മുടിഞ്ഞു പോം.''

ഭാഷാപതിപ്പ്